**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കാൻ ടീം ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനം മുഴുവനായി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (ബി) | 16/08/2022-ലെ സ.ഉ. (അച്ചടി) നം. 144/2022/സഹ നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലും 16.08.2022 തീയതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചു. 03.11.2022-ലെ സ.ഉ. (അച്ചടി) നം. 199/2022/സഹ നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലും 03.12.2022-തീയതിയിൽ ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചു.<br><br>പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയ രീതിയിൽ ടീം ഓഡിറ്റ് പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനായി 6/05/2023 -ലെ ജി.ഒ.(പി)നം. 114/2023/സഹ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പത്തനം തിട്ട , തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് നടപ്പിലാക്കിയ മാതൃകയിൽ ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനായി 27/6/2023 ലെ ജി .ഒ. (പി) നം. 158/2023/സഹ, ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. |
| (സി) | ഓഡിറ്റിംഗിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നിലവിൽ പെന്റിംഗ് ആയിട്ടുള്ള പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സഹകരണ വകുപ്പിലെ | (സി) | കുടിശ്ശിക ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കുടിശ്ശിക ഉള്ള ജില്ലകളിലെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിനാവശ്യമായ റിക്കോർഡുകളും, സ്റ്റേറ്റ്മെന്റുകളും സമയബന്ധിതമായി സമർപ്പിച്ച സഹകരണ സ്ഥാപനങ്ങളിൽ ആക്ഷൻ പ്ലാൻ |

| | | | |
|---|---|---|---|
| | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകുമോ; | | തയ്യാറാക്കി നിലവിലുള്ള സംവിധാനം വിനിയോഗിച്ച്കൊണ്ട് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സഹകരണ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുന: ക്രമീകരിക്കുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠനത്തിലാണ്. |
| (ഡി) | ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയ ജില്ലകളിൽ എത്ര ഓഡിറ്റർമാരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് നിലവിലുള്ളതിനേക്കാൾ എത്ര ഓഡിറ്റർമാരാണ് അധികമായി വേണ്ടി വരുന്നതെന്നും വിശദമാക്കാമോ; | (ഡി) | ടീം ഓഡിറ്റ് ഏറ്റെടുക്കുന്നതിനായി ഒരു സ്കീം തയ്യാറാക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | യോഗ്യരായ യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ്മാരുടെ അഭാവത്തിൽ പ്രമോഷൻ തസ്തികയായ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ മാറ്റിവെച്ചിരിക്കുന്ന ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യണമെന്ന കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ 1953/2022 കേസ് പ്രകാരമുള്ള 27.01.23-ലെ വിധിയുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം നിലവിലുണ്ടായിരുന്ന 32 ഒഴിവുകളിൽ 13 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനും 8 ഒഴിവുകൾ പ്രമോഷൻ നല്കുന്ന ഇനത്തിലും നികത്തിയ ശേഷം അവശേഷിക്കുന്ന 11 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | യു.ഡി.ക്ലർക്ക്/ യു.ഡി. ടൈപ്പിസ്റ്റുമാരുടെ പ്രൊമോഷനായി നിലവിലുണ്ടായിരുന്ന 24 ഒഴിവുകളിൽ 11 ഒഴിവുകൾ യു.ഡി. ക്ലർക്ക്/യു.ഡി. ടൈപ്പിസ്റ്റുമാരുടെ പ്രൊമോഷനായി നീക്കിവച്ച് ബാക്കിയുള്ള 13 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുകയും, ആയതിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ